# ആകാശത്തിന്റെ അതിരുകളിലേക്ക്...



## സി. എഫ്. എച്ച്.എസ്

കൊട്ടിയം, കൊല്ലം

DIGITAL MAGAZINE

# ആമുഖം

വിദ്യാഭ്യാസത്തിന്റെ ശാസ്ത്രീയതയും ക്രിയാത്മകതയും അനുദിനം നവീകരിക്കപ്പെടുന്ന ആഗോള സാഹചര്യമാണ് ഇന്നുള്ളത്. ഇത്തരം ഒരു സാഹചര്യത്തിൽ വിവരവിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും വിദ്യാഭ്യാസപ്രക്രിയയിൽ വലിയ പങ്ക് വഹിക്കാനാകും എന്ന ബോധത്തിൽ നിന്നും പൊതുവിദ്യാഭ്യാസവകുപ്പ് 'ലിറ്റിൽ കൈറ്റ്സ് 'എന്ന കുട്ടികളുടെ ഐ ടി കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിൽ എല്ലാ വിദ്യാലയങ്ങളിലും നടപ്പിലാക്കുന്നു.

സാങ്കേതിക രംഗത്തെ വിവിധ മേഖലയിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിനും ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം പുലർത്തുന്നതിനും ഈ പരിശീലനത്തിലൂടെ സാധ്യമാകുന്നു. സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ CFHS ലെ 'ലിറ്റിൽ കൈറ്റ്സ് ' പദ്ധതിയിലൂടെ സാധിച്ചു എന്നതിൽ ഞങ്ങൾ ചാരിതാർത്ഥ്യം കൊള്ളുന്നു.

# സന്ദേശം

നൂറ്റാണ്ടിന്റെ പാരമ്പര്യവും പേറി കൊട്ടിയം പട്ടണത്തിന്റെ ഹൃദയഭാഗത്ത് നിലകൊള്ളുന്ന സി. എഫ്. എച്ച്. എസ്. ലെ ഐ.ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളിൽ വിവരവിനിമയ സാങ്കേതിക വിദ്യയുടെ പുതിയ ജാലകങ്ങൾ തുറന്നിടുകയാണ് . ലിറ്റിൽ കൈറ്റ്സ് ന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന **"ആകാശത്തിന്റെ അതിരുകളിലേക്ക്** "എന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു.

പയസ് .എം.സി
ഹെഡ് മാസ്റ്റർ

# ലിറ്റിൽ കൈറ്റ്സ് പ്രവർത്തന റിപ്പോർട്ട്

പൊതുവിദ്യാലയങ്ങൾ പുത്തനുണർവിന്റെ പാതയിലാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം അതിന്റെ എല്ലാ അർഥത്തിലും ജനങ്ങൾ ഏറ്റെടുത്തുകഴിഞ്ഞു . അതിന്റെ തെളിവാണ് സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ മടങ്ങിവരവ് . സ്കൂളുകളിലെ മെച്ചപ്പെട്ട ഭൗതിക സാഹചര്യം ജനങ്ങളുടെ വിശ്വാസം നേടിയെടുക്കുവാൻ കാരണമായി . സ്കൂളുകളിലെ അക്കാദമിക നിലവാരം രാജ്യാന്തര തലത്തിലേക്ക് എത്തിക്കുവാനും വിദ്യാഭ്യാസ വകുപ്പിന് സാധിച്ചു.

പഠനത്തോടൊപ്പം തന്നെ കുട്ടികൾക്ക് സാങ്കേതിക വിദ്യയിലുള്ള കഴിവ് മെച്ചപ്പെടുത്തുന്നതിന് വിദ്യാഭ്യാസവകുപ്പ് ഏർപ്പെടുത്തിയിരിക്കുന്ന ഒരു യൂണി-റ്റാണ് 'ലിറ്റിൽ കൈറ്റ്സ് 'എന്ന കുട്ടിക്കൂട്ടായ്മ . കൊട്ടിയം സി എഫ് എച്ച് എസ് ലും 2017-18-ൽ പ്രവർത്തനം ആ-രംഭിച്ചു .ആകെ ഏഴ് മൊഡ്യൂളുകളിലായി 25 ആഴ്ച്ചകളിലൂ-ടെയാണ് പരിശീലനം നടത്തിവരുന്നത് .

2019-20-ലെ പ്രവർത്തനം യൂണിറ്റു തല ക്യാമ്പിലൂടെയാണ് ആരംഭിച്ചത് . കൊട്ടിയം N.S.M.G.H.S-ലെ മാനസി ടീച്ചറിന്റെ നേതൃത്വത്തിൽ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനത്തിന്റെ പൊതുധാരണ കുട്ടികളെ ബോധ്യപ്പെടുത്തി. ഓരോ കുട്ടിക്കും തനിക്ക് യോജിച്ച

*മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതരത്തിലായിരുന്നു പരിശീലനക്യാമ്പ് . അനിമേഷൻ, പ്രോഗ്രാമിങ് എന്നിവയിൽ മികവ് പുലർത്തിയ 6 കുട്ടികളെ M.K.L.M.H.S.S കണ്ണനല്ലൂരിൽ വച്ച് നടന്ന ഉപജില്ലാക്യാമ്പിലും പങ്കെടുപ്പിച്ചു. ഒക്ടോബർ മാസം നാലാം തീയതി സ്ക്രാച്ച് , വീഡിയോ എഡിറ്റിംഗ് എന്നിവയ്ക്ക് ഒരു ഏകദിനക്യാമ്പ് സ്കൂളിൽ സംഘടിപ്പിച്ചു . ഒക്ടോബർ ഇരുപത്തി മൂന്നാം തീയതി 'അമ്മമാർ സ്മാർട്ട് അമ്മമാർ 'എന്ന പരിപാടിയും*

*പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദേശാനുസരണം ലിറ്റിൽ കൈറ്റ്സ്-ന്റെ നേതൃത്വത്തിൽ നടത്തി . മാത്രമല്ല മികവിന്റെ പി.ടി.എ യ്ക്ക് വേണ്ടുന്ന വീഡിയോ എഡിറ്റിംഗ് തയ്യാറാക്കാനും ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു . എട്ടാം ക്ലാസ്സിലെ കുട്ടികൾക്ക് ഈ വർഷം ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു .*

*ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ അതിന്റെ പൂർണതയിൽ എത്തിക്കാൻ കൈറ്റ്സ് മിസ്ട്രസ്സുമാരായ ആശ ടീച്ചർ , ചെറുപുഷ്പം ടീച്ചർ എന്നിവർക്ക് എല്ലാവിധപിൻതുണയും നൽകിയ പ്രധാനധ്യാപകനായ ശ്രീ .പയസ് എം. സി , ചാത്തന്നൂർ ഉപജില്ലാ കൈറ്റ് കോർഡിനേറ്റർ ശ്രീ മുഹമ്മദ് ഷഫീക്ക് എന്നിവർക്ക് സി. എഫ്. എച്ച്. എസ് ലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെയും ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു .*

*നന്ദി ,*

*നമസ്കാരം .*

# ***ONE DAY WORKSHOP JUNE19***



















# ലിറ്റിൽ കൈറ്റ്സ് അഭിരുചി പരീക്ഷ JUNE 28




# ഡിജിറ്റൽ പൂക്കളം





# സ്കൂൾ തല ക്യാമ്പ് ഒക്ടോബർ 4













# അമ്മമാർ സ്മാർട്ട് അമ്മമാർ ഒക്ടോബർ 23












# ***ROUTINE CLASS***











# എഡിറ്റോറിയൽ ബോർഡ്

അഭിനന്ദ് എസ്
അൽ-അമീൻ കെ
ശ്രീവിഷ്ണു എസ് കെ
അക്ഷയ് എം എസ്
വിഘ്നേഷ് ആർ
ബിനോയ് ബി
അലോക് എസ്
മുഹമ്മദ് കൈഫ് എസ്

# ലിറ്റിൽ കൈറ്റ്സ് 2019-2021



**"ഒന്നിനെയും അധികമായി സ്നേഹിക്കരുത്  ....... ദുഖിക്കും. ഒന്നിനെക്കുറിച്ചും അധികമായി ആലോചിക്കരുത്.......അത് നിങ്ങളുടെ സമാധാനം നഷ്ടപ്പെടുത്തും. ഒന്നിനുവേണ്ടിയും യാചിക്കരുത്.... നിങ്ങൾ അപമാനപ്പെട്ടേക്കാം."**

**-ഡോ. എ പി ജെ അബ്ദുൾ കലാം**

# വിഡ്ഢികളായ അച്ഛനും മകനും

ഒരു ഗ്രാമത്തിൽ മഹാ മണ്ടൻമാരായ ഒരച്ഛനും മകനും ഉണ്ടായിരുന്നു. അവർക്ക് ഒരു കഴുത ഉണ്ടായിരുന്നു. കഴുത കുഴി മടിയനായിരുന്നു. അതുകൊണ്ട് അതിനെ വിറ്റിട്ട് പുതിയ ഒന്നിനെ വാങ്ങാൻ അവർ തീരുമാനിച്ചു. അങ്ങനെ അവർ കഴുതയെയും കൊണ്ട് ചന്തയ്ക്ക് പോയി. വഴിയിൽ കുറച്ചു സ്ത്രീകൾ ഇതുകണ്ട് പറഞ്ഞു. കണ്ടില്ലേ രണ്ട് മണ്ടന്മാരെ! കഴുതയെ വെറുതെ നടത്തിക്കൊണ്ട് പോകാതെ ഒരാൾക്കതിലിരുന്നുകൂടെ. ഇതുകേട്ടതും അവർ രണ്ടുപേരും അതിൽക്കയറിയിരുന്നു. കുറച്ചു ചെന്നപ്പോൾ ഒരു രാജഭടൻ വന്നു പറഞ്ഞു. മൃഗങ്ങളെ  ദ്രോഹിക്കുന്നത് കുറ്റകരമാണ്. അവർ കഴുതപ്പുറത്തുനിന്നും ഇറങ്ങി അതിനെ ഒരു വടിയിൽ കെട്ടിത്തൂക്കി ചുമന്ന് കൊണ്ടുപോയി. വഴിയിൽ ഒരു പാലത്തിലെത്തിയപ്പോൾ കഴുത ഒന്നു കുതറി. അവർ വെള്ളത്തിൽ വീണു. നാട്ടുകാർ അച്ഛനെയും മകനെയും രക്ഷപെടുത്തി. എന്നാൽ പാവം കഴുതയ്ക്ക് രക്ഷപെടാനായില്ല. അത് ചത്തുപോയി.

കൈലാസ് രാജ് ആർ

STD 9A

# I HAVE THEST HOLES

Last night my sadness woke me up.
And I sobbed uncontrollably
The world was sleeping
So I turned to the lord for conversation
I feel like I'm getting my life together lord,
except for these holes.
The loss I have had left these hole in me,
and now my life keep seeping out the holes.
I've tried filling the holes with all kinds of thing;
busyness, food, sympathy from others,
But nothing works,
I still have these holes,
And the greif from memories past envoloped me again,
And I sat rocking myself, hoping myself,
trying to give comfort to my pain,
waiting to gain understanding.
This pain sure, hurts, lord,
And then as early morning came,
I heard him softly call my name,
With nail-scarred hands out streched to me,
He said so very tenderly,
"I have holes too. "
And the I knew,
He understood as no one could.

MUHAMMED KAIF.S
STD - IX B

# എന്തിന് നിൻ ജീവനൊടുക്കി

ഇരുട്ടിൽ ഞാനറിയാതെ നിങ്ങളെൻ
നിലവറയ്ക്കുള്ളിൽ ഒരു കറുത്തപൂച്ചയായ്
ഒളിച്ചുകേറിയല്ലോ.............
എങ്കിലും നിന്നോട് ഞാനനുക്ഷമിച്ചു
കാക്കനായ് നീ വരുന്നോരൊനിമിഷവും
നിന്നെ ഞാൻ തടഞ്ഞു
എന്നിട്ടും നീ നിർത്തിയില്ല ആ സ്വഭാവം
ഒരിക്കൽ നീ ഞാനറിയാതെയെൻ
കിടപ്പറയ്ക്കുള്ളിൽ വന്നുനിന്നു
നിന്നോട് ഞാൻ ദ്വേഷിച്ചു
എനിക്കറിയില്ലായിരുന്നു നീയന്നു വന്നതൊരു
കഠാരയുമായാണെന്ന് .ഞാനറിയാതെ ഞാൻ
നിൻ മുമ്പിൽ നിശ്ചലനായിപ്പോയി
ഞാൻ കണ്ടു നിൻ കരങ്ങളിൽ നിന്നുള്ള -
വിറച്ചിൽ അന്നു ഞാൻ തീരുമാനിച്ചു-
നിനക്കെന്നെ കൊല്ലാൻ സാധിക്കില്ലെന്ന്
നീ കുത്താൻ വന്ന നിമിഷം ഞാൻ നിൻ
കൈയ്യിൽ പിടിച്ചപ്പോൾ ഞാൻ കണ്ടു നിൻ
കണ്ണുനീർത്തുള്ളികൾ അന്നു ഞാൻ കരുതി
നീ തിരിച്ചുപോകുമെന്ന് പക്ഷെ നീ അന്നു നിൻ
ജീവനങ്ങൊടുക്കിക്കളഞ്ഞു.............

പി എം ഫിദൽ

STD 8 B

# ദൈവം

ക്രിസ്തുവായ് കൃഷ്ണനായ് നബിയായ്
മാനവ മനസിൽ ചേക്കേറി
പള്ളിയിൽ ക്ഷേത്രത്തിൽ മോസ്കിൽ
പല രൂപത്തിൽ കുടികൊള്ളും ദൈവം.
പൂവിലും പുല്ലിലും പുഴയിലും പൂമ്പാറ്റയിലും
പൃഥ്വിയിലെങ്ങുമിരിപ്പൂ ദൈവം
പല പല നാമത്തിൽ, രൂപത്തിൽ
ഭിന്ന ദേശങ്ങളിൽ വസിപ്പവൻ ദൈവം.

അനന്ദു എ
STD 8B

# ടിങ്കുവും ചിങ്കുവും

ടിങ്കുവും ചിങ്കുവും നായ്കുട്ടികളാണ്. ഒരേ വീട്ടിലാണ് അവർ താമസിക്കുന്നത്. എവിടെയെങ്കിലും ചെറിയൊരനക്കം കേട്ടാൽ മതി ചിങ്കു കുരയ്ക്കാൻ തുടങ്ങും. എന്നാൽ ടിങ്കു ബഹളക്കാരനല്ല. വീടും പരിസരവും ശ്രദ്ധിച്ച് അവൻ അങ്ങനെ ചുറ്റി നടക്കും.

ഒരു ദിവസം ഒരു പാവം പൂച്ചക്കുഞ്ഞ് വീട്ടിലേക്ക് വന്നു. ബൗ...ബൗ...ഓടിക്കോ...! ചിങ്കു ഉറക്കെ കുരച്ചു കൊണ്ട് പാഞ്ഞുചെന്നു. പിറ്റേന്ന് ഒരു എലിക്കുഞ്ഞിനെ കണ്ടപ്പോഴും അവൻ നിർത്താതെ കുരച്ചു. എലിക്കുഞ്ഞ് കീ...കീ....എന്ന് പേടിച്ചുകരഞ്ഞുകൊണ്ട് ഓടിപ്പോയി.

കുറേ ദിവസം കഴിഞ്ഞ് പതിവില്ലാതെ ടിങ്കു ഉറക്കെ കുരയ്ക്കുന്നതും ഒരാൾ ഓടിപ്പോകുന്നതും ചിങ്കു കണ്ടു. പെട്ടെന്ന് വീട്ടുകാർ ഓടിവന്ന് ടിങ്കുവിനെ തലോടി അഭിനന്ദനവാക്കുകൾ പറഞ്ഞു. അവന് നല്ല ആഹാരം കൊടുക്കുകയും ചെയ്തു. അതുകണ്ട് ചിങ്കു പറഞ്ഞു. ചങ്ങാതീ, ഞാൻ ദിവസത്തിൽ പലതവണ കുരയ്ക്കുന്നു. ആരും എന്നെ അഭിനന്ദിക്കുന്നില്ല. നല്ല ആഹാരം തരുന്നതുമില്ല. ആദ്യമായി കുരച്ച നിനക്ക് എന്തൊക്കെ സമ്മാനങ്ങൾ കിട്ടി. നീ ഭാഗ്യവാൻ തന്നെ. അപ്പോൾ ടിങ്കു പറഞ്ഞു.... കൂട്ടുകാരാ നീ കുരച്ചതെല്ലാം നിസ്സാരകാര്യങ്ങൾക്കാണ്.ഞാൻ കുരച്ചതോ കള്ളൻ വന്നപ്പോഴും.

ഉപകാരമുള്ള പ്രവൃത്തികൾ മാത്രമേ മറ്റുള്ളവർ വിലമതിക്കൂ. അത് ചെയ്യുന്നവരെ മാത്രമേ അവർ സ്നേഹിക്കുകയുള്ളൂ. ടിങ്കു പറഞ്ഞതിൽ കാര്യമുണ്ടെന്ന് ചിങ്കുവിനു മനസിലായി. അന്നു മുതൽ അവനും ടിങ്കുവിനെപ്പോലെ മാറിത്തുടങ്ങി. വീട്ടുകാർ ചിങ്കുവിനെയും നന്നായി ശ്രദ്ധിക്കാൻ തുടങ്ങി.

ആഷിക് എ

9A

# അമ്മ

*അർത്ഥങ്ങളായിരം വിളങ്ങിടും രണ്ടക്ഷരങ്ങളാണമ്മ*
*ക്ഷമയെന്ന പുണ്യമോ , മത്സരിക്കുന്നു*
*ഭൂമിയോടും പിന്നെയാ അമ്മയോടും*
*ജന്മാന്തരത്തിൻ പുണ്യം നിറച്ചുകൊണ്ടാ -*
*ദ്യാക്ഷരം മനസ്സിൽ കുറിപ്പിച്ചു*
*വാത്സല്യസാഗരം മനസ്സിൽ നിറച്ചുകൊണ്ടാ -*
*ദ്യമായെന്നെ പിച്ച വയ്പ്പിച്ചു*
*സ്നേഹദീപം  ജ്വലിക്കുമാ വാക്കിൽ*
*സഹനം ശീലമായ് നിൽക്കുമാ മെയ്യിൽ*
*ജീവതാളത്തിൽ പ്രതിദ്ധ്വനികൾ*
*മുഴങ്ങട്ടെ നിത്യം അമ്മയെന്ന പുണ്യം .*

*മുഹമ്മദ്. എം .എസ്സ്*
**9b**

# എന്റെ പൂന്തോട്ടം

മുറ്റത്തുണ്ടൊരു പൂന്തോട്ടം
പൂന്തോട്ടത്തിൽ പല പൂവ്
റോസ,മുല്ല ,ചെമ്പരത്തി
പിച്ചി,തെച്ചി,ചേമന്തി
മൂളും വണ്ടും പൂമ്പാറ്റേം
എന്നുടെ തോട്ടം കാണാനായി
കുട്ടികളെല്ലാം വന്നെത്തി
എന്തു നല്ലൊരു പൂന്തോട്ടം
ഭംഗിയുള്ള പൂന്തോട്ടം

റിനോ ഗോഡ്സൺ
STD 6B

# കോരിച്ചൊരിയുന്ന മഴ

ഞാനും എന്റെ കൂട്ടുകാരുമായി ഞങ്ങളുടെ പ്രിയപ്പെട്ട കൂട്ടുകാരന്റെ ജന്മദിനം ആഘോഷിക്കാൻ രാത്രി പന്ത്രണ്ട് മണിക്ക് പോകുന്ന വഴി ആ കോരിച്ചൊരിയുന്ന മഴയത്ത് ഞാൻ അവളെ കണ്ടുമുട്ടി. എന്റെ ജീവിതത്തിൽ ഒരു പെണ്ണിനോടും തോന്നാത്തൊരിഷ്ടം എനിക്കന്ന് അവളോടു തോന്നി. ആ കോരിച്ചൊരിയുന്ന മഴയത്ത് അവൾ നനഞ്ഞു കിടുങ്ങി നിൽക്കുകയായിരുന്നു. ഞൻ കാറിൽ നിന്നു പുറത്തേക്ക് ഇറങ്ങി അവളുടെ അടുത്തേക്ക് ചെന്നു. അവൾ എന്നെ നോക്കി. ഞാൻ എന്റെ കോട്ട് അവൾക്ക്  കൊടുത്തു. അവൾ അത് വാങ്ങി. എന്നിട്ട ചോദിച്ചു. " എനിക്ക് നിന്റെ കോട്ട് തന്നിട്ട് നീ എന്തിനാണ് നനയുന്നത് ". ഞാൻ മറുപടി കൊടുത്തു. " നീ ആരാണെന്നോ ,നിന്റെ വീടെവിടെയാണെന്നോ ഒന്നും എനിക്കറിയില്ല. പക്ഷെ എനിക്കിതുവരെ ഒരു പെണ്ണിനോടും തോന്നാത്തൊരിഷ്ടം നിന്നോടു തോന്നി." അപ്പോൾ അവൾ പുഞ്ചിരിച്ചു. ആ പുഞ്ചിരിയിൽ നിന്നും എനിക്കു മനസ്സിലായി, അവൾക്ക് എന്നെ ഇഷ്ടമാണെന്ന്.....................

മുഹമ്മദ് കൈഫ് എസ്
STD 9 B

# മഞ്ഞുതുള്ളി

പുത്തൻ പ്രഭാതത്തിൽ പതിവിലും നേരത്തെ
പുതുമഞ്ഞുതുള്ളി നീയൊന്നുണർന്നു
പച്ചിലയ്ക്കരികിലും പുൽപ്പടർപ്പൊന്നിലും
പുത്തനാം പൂവിലും കാൺമൂ
പുലരിയിൽ സൂര്യകണങ്ങളേറ്റു നീ
പുതുവജ്രശോഭയാർന്നു നില്പൂ
പൂമൊട്ടിനെ പുല്കി നിദ്രയുണർത്തുവാൻ
പാവനനാം നീയൊരുങ്ങിനിന്നു
പാരിന്റെ നാഥനിങ്ങെത്തുന്ന നേരത്ത്
മാരിവില്ലിൻ വർണമൊന്നണിഞ്ഞു
നാലുപുറമെങ്ങും നോക്കിയാൽ കാണുന്നു
നീഹാരമേ നിന്റെ മായാജാലം
വെക്കം മറയുന്നതെങ്ങു നീ യാത്ര
പോലും എന്നോട് ചൊല്ലിടാതെ
സുപ്രഭാതത്തിൻ സോദരീ നീ തന്നെ
യിപ്രപഞ്ചത്തിൻ സൗന്ദര്യവും.

ആനന്ദ് എച്ച്
STD X A

# My Mother

*O Mother, Dear Mother*
*you bore me,*
*And fed me,*
*You cared me,*
*And tendered me,*
*I love you so much*

*O Mother ,Dear Mother*
*you kissed me,*
*when In fell down,*
*You kept awake,*
*When I felt stick,*
*you cared me*
*I Love you so much*

*O Mother, Dear mother,*
*You taught me*
*To pray,*
*You helped me*
*In my studies,*
*I love you so much*

**ANU KARTHIKEYAN**
**STD X B**

# നൻമയുടെ ഭലം

പട്ടു വികൃതികളായ പങ്കു കരടിയും തങ്കു കരടിയും കാട്ടിൽ നിന്ന് ഒരു കോടാലി കിട്ടി.അവർ അതുമായ് നടക്കുമ്പോൾ ചാമ്പമരത്തിൽ ഇരുന്ന് ചാമ്പയ്ക്ക തിന്നുന്ന കുഞ്ഞാലി കുരങ്ങനേയും കൂട്ടുകാരേയും കണ്ടു .അവർ കുഞ്ഞാലി കുരങ്ങിനോട്പറഞ്ഞു .

"കാട്ടിൽ നിന്നും കുഞ്ഞാലി
കൈയ്യിൽ കിട്ടി കോടാലി
കൊമ്പുകൾ ചില്ലകളിവ വെട്ടും
മുമ്പിൽ വന്നാൽ തലവെട്ടും"
അപ്പോൾ കുരങ്ങൻ പറഞ്ഞു :"തങ്കു ......പങ്കു .....ആയുധം ഉണ്ടെന്നു കരുതി പേടിപ്പിക്കുന്നത് ശരിയല്ല കേട്ടോ ..."

ഹും എന്തു പറഞ്ഞു? "വെട്ടെടാ ചാമ്പമരം"... കരടികൾ പാഞ്ഞു
ചെന്നു ചാമ്പമരം വെട്ടിയിട്ടു .പിന്നീടവർ കുരങ്ങൻമാർ പേരയ്ക്ക
തിന്നുന്ന പേരമരവും മാമ്പഴം തിന്നുന്ന പഞ്ചാരമാവും വെട്ടിയിട്ടു.

കഷ്ടം!എത്ര നല്ല പേരയ്ക്കകളും മാമ്പഴങ്ങളുമായിരുന്നു"

കുരങ്ങൻമാർ സങ്കടപ്പെട്ടു . ഒരു ദിവസം കുരങ്ങൻമാർ
വലിയ
ഒരു വരിക്ക പ്ലാവിൽ ഇരുന്ന് ചക്ക തിന്നുന്നത് കണ്ടു
കരടികൾ
ഓടി വന്നു പ്ലാവ് വെട്ടാൻ തുടങ്ങി കുരങ്ങുകൾ ചാടിപ്പോയി.
പ്ലാവു വീഴുന്നതു കണ്ടോടിയ പങ്കു ഒരു കാട്ടുവള്ളിയിൽ തട്ടി
വീണു.പിന്നാലെ വന്ന തങ്കു അവന്റെ പുറത്തേയ്ക്കും മരം
അവർക്കു
മേലും വന്നു വീണു " പ്ധും..................".
"ഹയ്യോ................രക്ഷിക്കണേ..............". കരടികൾ
മരത്തിനിടയിൽ പെട്ട് ഒറക്കെ കരഞ്ഞു. ദയ തോന്നിയ
നല്ലവരായ കുരങ്ങൻമാർ അവരെ വളരെ കഷ്ടപ്പെട്ട്
മരത്തിനിടയിൽ നിന്നു രക്ഷിച്ചു.നടക്കാൻ പോലും
വയ്യാതായ
കരടികൾക്ക് കുരങ്ങുകൾ കാട്ടുതേൻ കോണ്ടു വന്നു
കൊടുക്കുകയും
ചെയ്തു .രണ്ടു മൂന്നു ആഴ്ച്ച കൊണ്ടു കരടികളുടെ പരിക്കുകൾ
ഭേതമായി അപ്പോൾ കരടികൾ പറഞ്ഞു .

കുഞ്ഞാലി ക്ഷമിക്കണേ ഞങ്ങൾക്ക് ഒരുകാര്യം
മനസ്സിലായി. എന്തുകാര്യം .കുഞ്ഞാലി കുരങ്ങൻ ചോദിച്ചു
അപ്പോൾ പങ്കുകരടി
പറഞ്ഞു

'നമുക്കു ചുറ്റിലുമുള്ളവരെ
നമ്മൾ വെറപ്പിച്ചിടല്ലേ
അവരും നമ്മേപ്പോലാണെ -
ന്നലിവോടെ നാമോർക്കണം

അങ്ങനെ കുരങ്ങൻമാരുടെ നല്ല പ്രവർത്തി കണ്ട്
ദുഷ്ടൻമാരായ
കരടികൾ നല്ലവരായി . അവർ കുരങ്ങൻമാരുടെ പ്രിയപ്പെട്ട ചങ്ങാതിമാരായിത്തീരുകയും ചെയ്തു.

*സച്ചു ആർ*
*9A*

# ഓണം

ചിങ്ങപ്പുലരിയിൽ പൂവിരിഞ്ഞു
മുല്ലയും, മുക്കുറ്റിയും, പൂവാം കുറുന്നലും
മന്ദമാരുതനും കൂടെ വന്നു
മന്ദം തലോടിത്തലോടി നിന്നു
അത്തമിട്ടു നമ്മളാർപ്പുവിളിച്ചു
അത്തത്തിട്ടയിൽ പൂക്കൾ നിരന്നു
അങ്ങ് കിഴക്കൻ മലമുകളിൽ
ആരാരും കാണാതെ അമ്പിളി വന്നു
കോരിച്ചെരിയുന്ന മാരിവന്നു
രോമാഞ്ചം പൂവായ് പുതച്ചതെന്തെ
എങ്ങുമൊരാഹ്ലാദം മലയടച്ചു
പ്രകൃതിയും ഞാനമലിഞ്ഞു ചേർന്നു.

**അൻസിൽ. എ**

**STD 9B**

# ഒത്തൊരുമ

ഒരിക്കൽ ഒരു കൈയ്യിൽ അഞ്ച് വിരലുകൾ തമ്മിൽ തർക്കിച്ചു, അവരിൽ ആരാണ് പ്രധാനി എന്നതായിരുന്നു തർക്കം. തള്ളവിരൽ പറഞ്ഞു, "എന്തും എടുക്കാനും എഴുതാനും ഞാൻ വേണം ". ചൂണ്ടുവിരൽ വാദിച്ചു .
"എന്തിനെയും ചൂണ്ടിക്കാണിക്കാനും ഒന്നാമത് എന്ന് സൂചിപ്പിക്കാനും ഞാൻ വേണം" .നടുവിരൽ പറഞ്ഞു ."നീളത്തിൽ ഞാനാണ് ഒന്നാമൻ – ജന്മനാ നേതാവ്". അണിവിരൽ അവകാശപ്പെട്ടു, "വിവാഹമോതിരം അണിയുന്നത് ഞാനാണ്.
കുടുംബത്തിന്റെ കിരീടവും, സ്നേഹത്തിന്റെ പ്രതീകവുമാണ് മോതിരം". ചെറുവിരൽ പറഞ്ഞു, "ഏറ്റവും കൂടുതൽ ഓമനത്തം എനിക്കാണ്. കൈ തൊഴുമ്പോൾ ഞാൻ ആണ് മുമ്പിൽ നിൽക്കുന്ന നേതാവ്." അവസാനം, കൈയുടെ ഉടമസ്ഥൻ  പറഞ്ഞു," നിങ്ങൾ എല്ലാവരും എനിക്ക് ഒരുപോലെ പ്രധാനവും പ്രിയങ്കരവും        ആണ്. ഒറ്റയ്ക്ക് നിന്നാൽ നിങ്ങൾ നിസ്സഹായരാണ്. എന്നാൽ, ഒത്തുശ്രമിച്ചാൽ        നിങ്ങൾക്ക് എന്തും ചെയ്യാൻ സാധിക്കും".

***AKSHAY.M.S***
***STD 9B***

# പഴഞ്ചൊല്ല്

- .അടി തെറ്റിയാൽ ആനയും വീഴും
- .അങ്ങാടിയിൽ തോറ്റതിന് അമ്മയുടെ നെഞ്ചത്ത്
- . ആന വായിൽ അമ്പഴങ്ങ
- . ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടാൻ പറ്റില്ല
- എല്ലുമുറിയെ പണിതാൽ പല്ലുമുറിയെ തിന്നാം
- ഒന്നുകിൽ ആശാന്റെ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്കുപുറത്ത്
- കാക്കയ്ക്കും തൻ കുഞ്ഞ് പൊൻ കുഞ്ഞ്
- തലമറന്ന് എണ്ണ തേക്കരുത്
- നാടോടുമ്പോൾ നടുവെ ഓടണം
- പുരകത്തുമ്പോൾ വാഴവെട്ടരുത്
- പാലം കുലുങ്ങിയാലും കേളൻകുലുങ്ങില്ല
- പയ്യെ തിന്നാൽ പനയും തിന്നാം
- മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും കല്ലിനുമുണ്ടൊരു സൗരഭ്യം
- മിന്നുന്നതെല്ലാംപൊന്നല്ല
- മടിയൻ മല ചുമക്കും
- സമ്പത്ത് കാലത്ത് തൈപത്തു വെച്ചാൽ ആപത്ത് കാലത്ത് കാപത്തു തിന്നാം

അലോക് എസ്
9 B

# പൂമ്പാറ്റ

പാട്ടുകൾ  പാടിപ്പറന്നു നടക്കുന്ന
പൂമ്പാറ്റയേ ഞാൻ കണ്ടേ
പൂക്കൾ തോറും തേടിനടക്കുന്ന
പൂമ്പാറ്റയേ ഞാൻ കണ്ടു

തേനും കുടിച്ചു ആടിനടക്കണ
നിന്നെ ഞാൻ പിടിക്കുമല്ലേ
പൂക്കൾ തോറും തേടിനടക്കുന്ന
പൂമ്പാറ്റയെ ഞാൻ കണ്ടേ



വിഷ്ണു ആർ

9 B

# പ്രകൃതി ക്ഷോഭം

ദൈവത്തിന്റെ നാടെന്ന് കേട്ടുകേൾവിയായ നമ്മുടെ സ്വന്തം കേരളത്തിൽ 2018 ഓഗസ്റ്റിൽ പ്രകൃതിക്ഷോഭം മൂലം ഉണ്ടായ പ്രളയം ഓർക്കുവാൻ കൂടി ഭയം ആകുന്നു. ഈ പ്രളയത്തിന് കാരണം ചിലപ്പോൾ പരിസ്ഥിതിയെ മാറ്റി മറിച്ചുകൊണ്ടുള്ള വികസനപ്രവർത്തനങ്ങളാകാം. ചിലപ്പോൾ വേറേ പലകാരണങ്ങളും ആകാം .എന്തായാലും നമ്മുടെ നാട്ടിലെ ഒരുപാടു പേർക്കു അവരുടെ ജീവൻ നഷ്ടപ്പെട്ടു, ജീവിതം നഷ്ടപ്പെട്ടു, വീടും,പഠനവും,സർവ്വസ്വപ്നവും നഷ്ടപ്പെട്ടു.



ഈ ദുരന്തത്തെ ഓർത്ത് നമ്മൾ ഇനി കരയുകയല്ല വേണ്ടത് .നമ്മൾ നമ്മുടെ നഷ്ടപ്പെട്ട കേരളത്തെ തിരിച്ചു കൊണ്ടുവരണം. അതിന് വേണ്ടി കേരളീയർ ഒറ്റക്കെട്ടായി പ്രവർത്തിക്കണം .അതിന് ജാതിയോ,മതമോ,വിദ്യാഭ്യാസമോ, സമ്പത്തോ ഒരു തടസ്സമാകരുത്.

ഒരൊറ്റ ജനതയായി ഉണർന്ന് പ്രവർത്തിച്ച കേരളത്തെ ഉയർത്തെഴുന്നേൽപ്പിക്കണം .അതിന് പരസ്പരസ്നേഹം വേണം. നാടിനെ മാലിന്യമുക്തമാക്കണം. നദികളുടെയും, തടാകങ്ങളുടെയും സംരക്ഷണം ഉറപ്പാക്കണം.



കാർത്തിക് ആർ
STD 10 B

# ***THE RABBIT***

*The moon is shining over the field*
*a little breeze is blowing*
*the radish leaves are crisp and green*
*the lettuces are growing up*

*The rabbit is in the ivy-bush*
*with both his eyes winkling;*
*the rabbit shakes his little tail*
*and sits him down thinking*

*Oh! where are all the mice gone?*
*and what are the frogs doing*
*Will no one come to play with me*
*What are they all doing?*

*Poor little rabbit, all alone,*
*don't let the master meet you;*
*He'll shoot you with his little gun*
*And merrily, he'll eat yo*

ARON HENRY VINOD
STD 9 B

# കർഷകൻ

ഞാനൊരു കുഞ്ഞി കർഷകൻ
നാടിന്റെ തന്നെ സംരക്ഷകൻ
പാവയ്ക്ക, കോവയ്ക്ക എല്ലാ ധാന്യങ്ങളും
വിളയിക്കുന്നൊരു സംരക്ഷകൻ
നാടിനെ ക്ഷാമത്തിൽ നിന്നും
കരകയറ്റുന്നൊരു കർഷകൻ
ഞാനൊരു കുഞ്ഞി കർഷകൻ
നാടിന്റെ തന്നെ സംരക്ഷകൻ

റിനോ ഗോഡ്സൺ

STD VI B



# The comb

The queen was very happy. ‘‘snowdrop is dead,’ said she , and I am the most beautiful women in the world .’’ She went to the bed and slept well . Next morning she went to the mirror and asked, mirror, mirror on the wall, Have I the fairest face of all ?’’

But the mirror said ,‘snowdrop has the fairest face in the world ‘‘Then the queen knew that snowdrop was not dead ‘‘snowdrop is alive, she said I must go and see her again.

Then the queen went into her room and dressed herself as a poor women . This time she took some combs and mirror .Then she took some deadly poison and put the comb into it. If snowdrop combs her hair which this comb , said she ‘‘she will surely die’’ She put it into her bag and went to the house where snowdrop lived.

‘‘May I come in, ’’ asked women, and show beautiful combs. ‘‘no, answered snowdrop. ‘‘I won’t let you in, for the dwarfs have told me to let in anyone? She asked. Because an old women tried to kill me the other day , she answered. But I am not like that old women ,am I not

like that old women ,am I?the queen said . Let me in .I’ll comb your beautiful hair for you . So snowdrop opened the door and the women walked in .

Then she took the little poisoned comb from her bag and began to comb snowdrop’s hair .In a few minutes ,the little girl lay on the floor as if dead . The queen said , The queen said ,The poison is deadly and snowdrop will surely die. I’ll leave the comb sticking in her hair ’’ so she left her in the room and came out out the house .‘‘Now I have the most beautiful face in the world , said the queen to herself and she returned to the palace .

In the evening the dwarfs returned home and saw snowdrop lying as if dead. The queen has come again , said they and pulled off the comb from her hair .Then they washed her head and put her on the bed after some time she opened her eyes and sat up .‘‘We knew the queen would come ,’’ they said,‘‘but why did you let her in ? Then snowdrop said ‘‘ I was foolish and let her in . won’t be foolish again ’’

***She said up her minds never to let in anyone when the dwarfs were away.***

***VISHNU R***
***STD 9 B***

# THE FOOLISH WOLF AND THE FOOLISH CARTME

*One day a cartmen was going through a forest with a cart full of fish. At that time a fox saw the cartmen One day a cartmen was going through a forest going with the cart full of fish. At that time the fox got an idea the fox ran towards the way from where the cartmen was coming. The fox lay down on the way by acting that he was dead. The cartmen saw the fox laying down on the way. He thought that the fox was dead and he dragged the fox into the cart for selling its fur and meat . Then the cartmen goes back to the front of the cart and starts riding the cart towards the market. At that time the fox* ate all the fishes loaded in the cart. After eating the fishes the fox get out of the cart and a wolf saw the fox getting out of the cart and asked the fox that what was he doing in the cart and the fox explained about the things happened and the wolf also planned to do the same thing that the fox did to the cartmen he laid on the way of the cartmen and the cartmen saw the wolf on the way. He was delighted to see another animal on the way he quickly jumped out of the cart and tried to get the wolf into the cart but the wolf was too heavier to that of the fox so the cartmen took the wolf into a sack and tied the end of the sack with a rope to the back end of the cart at last the cartmen did not got his reward for his fishes but he got the reward for selling the wolf's fur and meat.

AL-AMEEN K
9 B

# പുകവലി, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം വരുത്തിവയ്ക്കുന്ന വിന



കൗമാരക്കാരിൽ കണ്ടുവരുന്ന ശീലങ്ങളിൽ ഒന്നാണ് മുതിർന്നവരെപ്പോലെ പെരുമാറുക എന്നത്. അക്കൂട്ടത്തിൽ റിസ്ക് ഏറ്റെടുത്ത് ജീവിക്കണമെന്ന ആഗ്രഹവും കൂടിയാകുമ്പോൾ അത് വലിയ വിപത്തായി മാറുന്നു. ബീഡി,പാൻപരാഗ് മുതലായവയിൽ തുടങ്ങുന്നത് ക്രമേണ മദ്യം, മയക്കുമരുന്ന് എന്നിവയിൽ എത്തുന്നു. ക്ലാസ്സിൽ കയറാതിരിക്കുക, പഠിക്കാതെ വരിക, അധ്യാപകരോട് കയർക്കുക, പെട്ടെന്ന് പുതിയ കൂട്ടുകാർ ഉണ്ടാകുക, വീട്ടിൽ കോപത്തോടെ പെരുമാറുക, വീട്ടിൽ നിന്ന് പണം മോഷ്ടിക്കുക, ബാത്ത്റൂമിൽ കൂടുതൽ സമയം ചിലവഴിക്കുക മുതലായവയെല്ലാം ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്.



## ലക്ഷണങ്ങൾ -

1. മാനസിക അകൽച്ച
2. കാരണമില്ലാത്ത കോപം

3.മാതാപിതാക്കളോടും കുടുബാംഗങ്ങളോടും വൈകാരിക അകൽച്ച

4. ഓർമ്മപ്പിശക് ,ഏകാന്തതക്കുറവ് ,അവ്യക്ത സംസാരം

5. വിറയൽ, വിശപ്പില്ലായ്മ ,ഉറക്കം കുറയൽ ,നടത്തത്തിൽ സൂക്ഷ്മതയില്ലായ്മ, കണ്ണുകൾ ചുവന്നിരിക്കുക

6. അനുദിന ജീവിതകാര്യങ്ങളിൽ ഉത്സാഹക്കുറവ്

## എങ്ങനെ തടയാം

1. കുട്ടികളിൽ ലക്ഷ്യബോധം വളർത്തുക

2. കുട്ടികളുമായി തുറന്ന് സംസാരിക്കുക. വ്യക്തിബന്ധം രൂപപ്പെടുത്തുക

3. മദ്യം,മയക്കുമരുന്ന് എന്നിവയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് കുട്ടികളുമായി ചർച്ചനടത്തുക

4. അധ്യാപകരും രക്ഷിതാക്കളുമായി ബന്ധം മെച്ചപ്പെടുത്തുക

എന്റെ പ്രിയ സുഹൃത്തുക്കളെ ,മദ്യവും മയക്കുമരുന്നും ഉപേക്ഷിക്കൂ. ജീവനും സ്വത്തും സംരക്ഷിക്കൂ......

വിഘ്നേഷ് ആർ

STD 9 B

# വേഴാമ്പൽ

നിന്റെയുള്ളിലെ ദാഹമെന്നും
നിറുത്താതെ മഴകേകുമ്പോൾ
പെയ്യൊഴിയാ, തൊഴിഞ്ഞൊ-
ഴുകി, കഥയറിയാ കാർമുകിൽ
കൈക്കു,മ്പിളായി കൊക്ക
നീട്ടി ചാതകം മേഘതീർത്ഥം
കേണുകേണങ്ങുനിൽക്കവെ,

തോഴിമാരോ,ടൊത്താഴിയിൽ
നീരാട്ടിനുവന്ന തെക്കൻക്കാറ്റ്
കരംനീട്ടി കാർമുകിൽ മങ്കമാരോ-
ന്തിയ ചിത്രക്കുടങ്ങൾ തച്ചുടച്ചു ;
മേഘപുഷ്പം തുളുമ്പി വീണു!

**മാഹീൻ.എൻ**

**9 B**

# ആമ്പൽപ്പൊയ്ക

*സൂര്യ വെളിച്ചത്തിൽ വിരിഞ്ഞു പൊങ്ങും,ആമ്പലേ.......*
*നീ വിരിഞ്ഞു പൊങ്ങും നേരം കായലിന് സൗരഭ്യം*
*കായലിന് കുടച്ചൂടി നിൽക്കും നേരം*
*നിൻ തേൻ നുകരാൻ എത്തി മധപങ്ങൾ*

തേൻ നുകരും നേരം നിശഥിനി ആയത് അറിഞ്ഞില്ലേ....
നിൻ കാലനായി മതിച്ച കൊമ്പനായി
തുമ്പിക്കൈയ്യാൽ വലിച്ചു ഊന്നി
അയ്യോ! കഷ്ടം എൻ ശിരസ്സ് അറ്റു പോയി

ആമ്പലേ നീ വിരിഞ്ഞത് എന്തിന്
കായലിൻ സൗരഭ്യം ഏകാനോ.......
അതേ വണ്ടിനെ ബലി കഴിക്കാനേ
സൂര്യ വെളിച്ചത്തിൽ വിരിഞ്ഞു നിൽക്കും,ആമ്പലേ..........

**SREE SIV VIJAY**

# അമ്പളിമാമൻ

ഭൂവെന്നൊരമ്മതൻ
ഏകനാം സോദരൻ
മാനത്തു കാണുന്ന ചന്ദ്രൻ
താരകളോടൊത്ത്
വാനിൽ തിളങ്ങുന്ന
അമ്പിളിമാമനെ കണ്ട്
മാമു കൊടുത്തിടുമമ്മ
ഉണ്ണിക്ക് മാമു കൊടുത്തീടുമമ്മ
രാവിൽ ചിരിതൂകും ചന്ദ്രൻ
പുസ്തകത്താളിലെ ചന്ദ്രൻ
പാട്ടുകളേറെ കേൾക്കുമ്പോഴെന്നും
കയ്യിലെടുക്കുവാൻ തോന്നും
നിന്നെ കയ്യിലെടുക്കുവാൻ തോന്നും
ഓമനയാണന്റെ ചന്ദ്രൻ
പപ്പടവട്ടത്തിൽ തുള്ളിക്കളിക്കും
ചന്തമെഴുന്ന ചന്ദ്രൻ

അൽ – അമീൻ കെ

**STD 9 B**

# അമ്മ

അർത്ഥങ്ങളായിരം വിളങ്ങിടും
രണ്ടക്ഷരങ്ങളാണമ്മ
ക്ഷമയെന്ന പുണ്യമോ , മത്സരിക്കുന്നു
ഭൂമിയോടും പിന്നെയാ അമ്മയോടും
ജന്മാന്തരത്തിൻ പുണ്യം നിറച്ചുകൊണ്ടാ –
ദ്യാക്ഷരം മനസ്സിൽ കുറിപ്പിച്ചു
വാത്സല്യസാഗരം മനസ്സിൽ
നിറച്ചുകൊണ്ടാ –
ദ്യമായെന്നെ പിച്ച വയ്പ്പിച്ചു
സ്നേഹദീപം ജ്വലിക്കുമാ വാക്കിൽ
സഹനം ശീലമായ് നിൽക്കുമാ മെയ്യിൽ
ജീവതാളത്തിൽ പ്രതിധ്വനികൾ
മുഴങ്ങട്ടെ നിത്യം അമ്മയെന്ന പുണ്യം .

മുഹമ്മദ് . എം .എസ്സ്
9 B



SREE VISHNU S K

# നന്ദി